**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1771** **29-07-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തിയായ ചെമ്പാട് - കോപ്പാലം -തലശ്ശേരി റോഡിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ചെമ്പാട് – കോപ്പാലം – തലശ്ശേരി റോഡ് പദ്ധതിക്ക് 69.79 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിനുള്ള അർത്ഥന ഫോം എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ രേഖകൾ വില്ലേജ് ഓഫീസിൽ നിന്നും ശേഖരിച്ചു വരുന്നു. |
| (ബി) | ആയത് അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തി വരുന്നു. ടി യോഗത്തിൽ പ്രസ്തുത പദ്ധതികൾക്കുള്ള തടസ്സങ്ങൾ വിലയിരുത്തുകയും അവയ്ക്ക് പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. മേൽ പദ്ധതിക്കായി 587 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായാൽ ഉടൻ തന്നെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡ് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ